# പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1309** **06/02/2020-ൽ മറുപടി നൽകേണ്ടത്**

## ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സർക്കാർ വകുപ്പായ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങൾ എല്ലാ വർഷവും ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ വിലയിരുത്താറുണ്ട്. കൂടാതെ സർക്കാർ തലത്തിലും വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. |
| (ബി) | ഈ കാലയളവിൽ പ്രസ്തുത ബോർഡ് സംസ്ഥാന സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള ശിപാർശകളോ, റിപ്പോർട്ടോ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 27 ഗ്രാമപഞ്ചായത്തുകളിലെ നിലവിലെ ഭൂവിനിയോഗം, പ്രശ്നങ്ങൾ, സാധ്യതകൾ എന്നിവ ശാസ്ത്രീയമായി വിശകലനം ചെയ്ത് ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾക്ക് ഏറ്റവും അനുയോജ്യമായതും പരമാവധി ഉത്പാദനവും വരുമാനവും ലഭ്യമാകുന്ന തരത്തിലുള്ളതുമായ ലാൻഡ് യൂസ് ഡിസിഷൻ മോഡലുകൾ തയ്യാറാക്കി അതത് പഞ്ചായത്തുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗരസഭ, തിരുവനന്തപുരം ജില്ലയിലെ 4 മുനിസിപ്പാലിറ്റികൾ, കൊല്ലം നഗരസഭ എന്നിവിടങ്ങളിലെ നിലവിലെ ഭൂവിനിയോഗം, കാർഷിക പശ്ചാത്തലം, അടിസ്ഥാന സൗകര്യങ്ങൾ, പ്രകൃതി വിഭവങ്ങൾ എന്നിവ സർവ്വേ നമ്പർ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി വാർഡ് തലത്തിൽ അനുയോജ്യ ഭൂവിനിയോഗ മാതൃകകൾ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 5 ജില്ലകളുടെ വെബ് അധിഷ്ഠിത ഭൂവിഭവവിവര |

| | | | |
|---|---|---|---|
| | | | സംവിധാനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന തരത്തിൽ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വെബ് അധിഷ്ഠിത സംസ്ഥാനതല നീർത്തട വിവര സഞ്ചയവും തയ്യാറാക്കിയിട്ടുണ്ട്. വകുപ്പിൽ തയ്യാറാക്കിയതും വിവിധ വകുപ്പുകളിൽ ഭൂവിഭവസംരക്ഷണവുമായി ബന്ധപ്പെട്ട് ലഭ്യമായ അടിസ്ഥാന വിവരങ്ങളും ശേഖരിച്ച് ക്രോഡീകരിച്ച് 14 ജില്ലകളുടെയും ബ്ലോക്ക് തല ഡാറ്റാ ബാങ്കുകളും തിരുവനന്തപുരം ജില്ലയുടെ പഞ്ചായത്ത് തല പ്രകൃതി വിഭവ ഡാറ്റാ ബാങ്കുകളും തയ്യാറാക്കിയിട്ടുണ്ട്.<br>സുസ്ഥിര വികസനത്തിനായുള്ള ആസൂത്രണത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഭക്ഷ്യസുരക്ഷയ്ക്കും അത്യന്താപേക്ഷിതമായ നീർത്തടാധിഷ്ഠിതമായ കർമ്മപദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുക എന്ന ലക്ഷ്യത്തോടെ പാലക്കാട്, തൃശ്ശൂർ മേഖലകളിൽപ്പെടുന്ന ഗായത്രി, ഭൂത, കരുവന്നൂർ ഉപനദീതടങ്ങളിലുൾപ്പെടുന്ന വിവിധ ചെറുനീർത്തടങ്ങളുടെ പ്രകൃതിവിഭവ പരിപാലന പ്ലാനുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. നെയ്യാർ നദീതടത്തിലെ 3 ചെറുനീർത്തടങ്ങളിൽ പാരിസ്ഥിതിക പുനരുദ്ധാരണത്തിനായി പഠനം നടത്തുകയും മഴ, മണ്ണ്, ഭൂപ്രകൃതി, ഭൂവിനിയോഗം, ചരിവ് എന്നിവ കണക്കിലെടുത്ത് ജി.ഐ.എസ് സംവിധാനത്തിലൂടെ വാർഷിക ശരാശരി മണ്ണൊലിപ്പ് കണക്കാക്കി ഉരുൾപൊട്ടൽ മേഖലകളുടെ തീവ്രത അടിസ്ഥാനപ്പെടുത്തുകയും അവ തരംതിരിച്ച് അനുയോജ്യമായ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിപാലനമുറകൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പ്രളയാനന്തരം വകുപ്പിന്റെ മേഖലാ ഓഫീസ് നടത്തിയ പഠനത്തിന്റെ വെളിച്ചത്തിൽ Relevance of Gayathri Subwatershed Plan in Mitigation of Natural Calamities എന്ന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| **(സി)** | ഭൂവിനിയോഗവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അനുയോജ്യമായ നയരൂപീകരണത്തിന് ബോർഡ് ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; ഭൂവിഭവ പരിപാലനവുമായി | **(സി)** | പ്രളയാനന്തര നവകേരള നിർമ്മിതിയിൽ അനുയോജ്യമായ ഭൂവിനിയോഗ നയം രൂപീകരിക്കുന്നതിനായി സർക്കാർ തലത്തിൽ രൂപീകരിച്ചിരിക്കുന്ന സബ് വർക്കിംഗ് കമ്മിറ്റിയിൽ ഭൂവിനിയോഗ കമ്മീഷണർ അംഗമാണ്. |

| | | | |
|---|---|---|---|
| | ബന്ധപ്പെട്ട ബോധവത്ക്കരണം നടത്തുന്നതിനായി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ? | | വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ പ്രദേശത്തെയും ഭൂവിനിയോഗം, ചരിവ്, ഉന്നതി, ജിയോളജി, ജിയോമോർഫോളജി, നീരൊഴുക്ക് തുടങ്ങി വിവിധ പ്രമേയങ്ങൾ ശാസ്ത്രീയമായി അവലോകനം ചെയ്ത് പ്രദേശത്തിനാവശ്യമായ മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങളും അനുയോജ്യമായ ഭൂവിനിയോഗവും നിർദ്ദേശിക്കുകയും ചെയ്തുവരുന്നു.<br>ഭൂവിഭവ പരിപാലനവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി ഭൂവിനിയോഗാസൂത്രണവും പ്രാദേശിക വികസനവും എന്ന വിഷയത്തിൽ പത്തനംതിട്ട, കണ്ണൂർ, വയനാട് ജില്ലകളിൽ ഏകദിന സെമിനാറുകളും ഹരിതകേരളമിഷനുമായി സഹകരിച്ച് നീർത്തടാസൂത്രണം സുസ്ഥിര വികസനത്തിന് എന്ന വിഷയത്തിൽ തിരുവനന്തപുരത്തു വെച്ച് ദ്വിദിന സംസ്ഥാനതല സെമിനാറും നവകേരള നിർമ്മിതിയും ഭൂവിനിയോഗാസൂത്രണവും എന്ന വിഷയത്തിൽ ഏകദിന മേഖലാ സെമിനാറും സംഘടിപ്പിച്ചിട്ടുണ്ട്.<br>പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, പരിപാലനം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് നൽകുന്നതിന് വിദ്യാർത്ഥികൾക്ക് വിവിധ ജില്ലകളിൽ ചിത്രരചനാ മത്സരവും ഉപന്യാസമത്സരവും സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന് പുറമെ സർക്കാർ വകുപ്പുകൾ സംഘടിപ്പിക്കുന്ന എക്സിബിഷനുകളിൽ പങ്കെടുക്കുകയും ഇത് മുഖേന മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങളെ കുറിച്ച് ബോധവത്ക്കരണം സൃഷ്ടിക്കുകയും ചെയ്തുവരുന്നു. ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് മാതൃക പദ്ധതിയായി അംഗീകാരം ലഭിച്ചിട്ടുള്ള ജലസമൃദ്ധി പദ്ധതിയിൽ അവലംബിക്കുന്ന നടപടികൾ ജലസമൃദ്ധി വെബ്സൈറ്റിൽ യഥാസമയം ലഭ്യമാക്കി വരുന്നു. എല്ലാ വർഷവും സർക്കാർ സംഘടിപ്പിക്കുന്ന ഓണം ഘോഷയാത്രയിലും വകുപ്പ് പങ്കെടുക്കുകയും പ്രകൃതി വിഭവ ബോധവത്ക്കരണ ഫ്ലോട്ടുകൾ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**